Malayala Manorama
20 January 2016

# മലബാർ സിമന്റ്സ് ക്രമക്കേട്: ഉന്നത ഉദ്യോഗസ്ഥരെ ചോദ്യം ചെയ്തു

**സ്വന്തം ലേഖകൻ**

പാലക്കാട് ● മലബാർ സിമന്റ്സിൽ മലിനീകരണ നിയന്ത്രണ പദ്ധതി (റിവേഴ്സ് എയർബാഗ് ഹൗസ്) നടപ്പാക്കിയതിലെ അഴിമതി സംബന്ധിച്ച കേസിൽ മുൻ അഡീഷനൽ ചീഫ് സെക്രട്ടറി ടി. ബാലകൃഷ്ണൻ, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് സിഎംഡി എൻ.ആർ. സുബ്രഹ്മണ്യൻ എന്നിവരെ വിജിലൻസ് സംഘം ചോദ്യം ചെയ്തു.

പദ്ധതിസമയത്തു സിമന്റ്സ് ഡയറക്ടർ ബോർഡ് ചെയർമാനായിരുന്ന ബാലകൃഷ്ണനെ സാക്ഷിയെന്ന നിലയിലാണു ചോദ്യം ചെയ്തത്. കേസിൽ പ്രതിയാണു ബോർഡ് ടെക്നിക്കൽ ഡയറക്ടറായിരുന്ന സുബ്രഹ്മണ്യൻ. നിലവിൽ ഇൻകെൽ എംഡിയായ ടി. ബാലകൃഷ്ണനെ അദ്ദേഹത്തിന്റെ ഓഫിസിൽവച്ചും സുബ്രഹ്മണ്യത്തെ വിജിലൻസിന്റെ പാലക്കാട് ഓഫിസിൽവച്ചുമായിരുന്നു ചോദ്യം ചെയ്തത്. സർക്കാരിന്റെ മുൻകൂർ അനുമതിവേണമെന്ന ഉത്തരവു ലംഘിച്ചു പദ്ധതി നടപ്പാക്കുകയും പദ്ധതിത്തുക ഒറ്റയടിക്ക് 5.5 കോടിയിൽ നിന്നു 14 കോടി രൂപയാക്കി ഉയർത്തുകയും ചെയ്തതിൽ വൻ സാമ്പത്തിക അഴിമതിയുണ്ടെന്നാണു വിജിലൻസ് വസ്തുതാന്വേഷണ റിപ്പോർട്ട്.

കമ്പനി മുൻ സെക്രട്ടറി വി.ശശീന്ദ്രനെ പൂർണമായി മാറ്റി നിർത്തിയായിരുന്നു പദ്ധതി നടപടികൾ. ഹിമാചൽ എൻജിനീയറിങ് ആൻഡ് എൻവയൺമെന്റ് കമ്പനിക്കാണു നിർമാണ കരാർ നൽകിയത്. ഇതിന് അധികാരമില്ലാത്ത ഡയറക്ടർ ബോർഡ് ഉപസമിതിയാണു സ്ഥാപനവുമായി ഇടപാടുകൾ നടത്തിയത്. എന്നാൽ ഉപസമിതിക്കു നിയമപരമായി അധികാരമില്ലെന്ന കാര്യം അറിയില്ലെന്നായിരുന്നു ചോദ്യം ചെയ്യലിൽ എൻ.ആർ. സുബ്രഹ്മണ്യത്തിന്റെ മറുപടിയെന്നറിയുന്നു. സർക്കാർ അനുമതിയില്ലാതെ പദ്ധതി ആരംഭിച്ചതു തെറ്റാണ്. ബോർഡ് ചെയർമാൻ അതു കൃത്യമായി പരിശോധിക്കണമായിരുന്നു. സർക്കാർ ഉത്തരവനുസരിച്ചു നടപടി സ്വീകരിക്കാനാണ് എംഡിയോട് ആവശ്യപ്പെട്ടത്. ശശീന്ദ്രനെ യോഗത്തിൽ നിന്നു മാറ്റി നിർത്തിയ കാര്യം അറിയില്ല.

നിരവധി സ്ഥാപനങ്ങളുടെ ചുമതലയുണ്ടായിരുന്നതിനാൽ ആർഎബിഎച്ചുമായി ബന്ധപ്പെട്ട നടപടികൾ കൃത്യമായി നോക്കാനായില്ലെന്നാണു ടി.ബാലകൃഷ്ണന്റെ മറുപടിയത്രെ. പദ്ധതിക്കു സർക്കാർ അനുമതി വാങ്ങിയിട്ടുണ്ടാകുമെന്നു കരുതി. യോഗത്തിൽ അധ്യക്ഷത വഹിക്കുക മാത്രമാണു ചെയർമാന്റെ പ്രധാന ചുമതല.

ഉപസമിതിക്കു കരാറുകാരുമായി ചർച്ച നടത്താൻ വ്യവസ്ഥയുണ്ടെന്ന് ഇരുവരും അഭിപ്രായപ്പെട്ടു. ഏഴു പ്രതികളും 100 സാക്ഷികളുമുള്ള കേസിന്റെ അന്വേഷണം അവസാനഘട്ടത്തിലാണ്. അനുബന്ധ സാമഗ്രികൾ ഉൾപ്പെടെ മൊത്തം പദ്ധതിച്ചെലവു 16.2 കോടിയാണെന്നാണ് ഒടുവിലത്തെ റിപ്പോർട്ട്.